പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 161. 11.06.2012 – ലെ മറുപടിക്ക്

ചോദ്യം

ശ്രീ. പി. ഉബൈദുള്ള

ഉത്തരം

ശ്രീ. കെ.എം. മാണി
ബഹു.ധനകാര്യവും നിയമവും
ഭവന നിർമ്മാണവും വകുപ്പുമന്ത്രി

എൻ.ആർ.എ. തുക പിൻവലിക്കുന്നതിനുള്ള നടപടിക്രമങ്ങൾ

| | | |
|---|---|---|
| (എ) | സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടേയും പ്രൊവിഡൻറ് ഫണ്ടിൽ നിന്നും തിരിച്ചടയ്ക്കാത്ത വായ്പ അനുവദിക്കാനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കാമോ; | സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പ്രോവിഡൻറ് ഫണ്ടിൽ നിന്ന് അവരുടെ കണക്കിലുള്ള തുകയുടെ 75% വരെയുള്ള തുക തിരിച്ചടക്കേണ്ടാത്ത പിൻവലിക്കലായിട്ട് അനുവദിക്കാറുണ്ട്. വരിക്കാരൻെറ സർവ്വീസിൽ 10 വർഷം പൂർത്തിയാക്കിയ ശേഷമോ വിരമിക്കലിന് 10 വർഷത്തിൽ കുറവു മിച്ച സർവ്വീസ് മാത്രമേ ശേഷിക്കുന്നു എങ്കിലും പ്രസ്തുത പിൻവലിക്കൽ അനുവദിക്കാവുന്നതാണ്. രണ്ട് തിരിച്ചടക്കേണ്ടാത്ത പിൻവലിക്കലുകൾ തമ്മിലുള്ള കുറഞ്ഞ അന്തരം മൂന്ന് മാസമായിരിക്കണം.എന്നാൽ, വരിക്കാരൻ റിട്ടയർ ചെയ്യുന്നതിന് മുൻപുള്ള മൂന്ന് മാസകാലയളവിലോ, റിട്ടയർ ചെയ്യുന്നതിന് ഒരു വർഷം മുൻപ് പ്രോവിഡൻറ് ഫണ്ട് തീർപ്പാക്കാൻ ഓപ്ഷൻ നൽകിയ വരിക്കാരനോ, സൂപ്പർ ആനുവേഷൻ തീയതിക്കു മുൻപ് അവധിയിൽ പ്രവേശിച്ച വരിക്കാരനോ, പ്രോവിഡൻറ് ഫണ്ട് തീർപ്പാക്കാനുള്ള അപേക്ഷ നൽകിയതിനുശേഷമോ തിരിച്ചടക്കേണ്ടാത്ത പിൻവലിക്കൽ അനുവദിക്കുന്നതല്ല. |
| (ബി) | അപേക്ഷ നൽകി മാസങ്ങളോളം പണം ലഭിക്കാൻ കാത്തിരിക്കേണ്ട സാഹചര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | എൻ.ആർ.എ. തുക പിൻവലിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കാനും കാലോചിതമായി പരിഷ്ക്കരിക്കാനും നടപടികൾ സ്വീകരിക്കുമോ? | 7.02.2012 ലെ ജി.ഒ.(പി)നമ്പർ 94/2012/ഫിൻ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ജനറൽ പ്രോവിഡൻറ് ഫണ്ട് (കേരള) റൂൾസ് പ്രകാരം എ.ൻ.ആർ.എ എടുക്കുന്നതിനുള്ള നടപടിക്രമം ലഘൂകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ